തിരുവനന്തപുരം സിറ്റിയിലെ തെരുവ് വിളക്കുകൾ

926. [1364] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിൽ പലയിടത്തും തെരുവ് വിളക്കുകൾ കത്തിക്കാത്തതുകൊണ്ട് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തെരുവു വിളക്കുകൾ കത്തിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നുണ്ട്.

വഴുതക്കാട് കോർപ്പറേഷൻ വക ഭൂമി

927. [1365] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വഴുതക്കാട് ഗണപതി കോവിലിനടുത്തുള്ള കോർപ്പറേഷൻ വക ഭൂമിക്ക് മതിൽകെട്ടാൻ വേണ്ടി വാനം തോണ്ടിയിട്ട് മാസങ്ങളായെങ്കിലും ഇതുവരെയും മതിലിന്റെ പണി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഇവിടെ മതിൽ കെട്ടാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ലെങ്കിൽ മതിൽ കെട്ടാൻ വേണ്ടി കുഴിച്ച കുഴി നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സ്ഥലത്ത് മതിൽ കെട്ടുവാൻ വാനം തോണ്ടിയെങ്കിലും ആയതിനു പുറകിൽ താമസിക്കുന്നവർക്ക് വഴിക്കുവേണ്ടി സ്ഥലം വിട്ടു കൊടുക്കണമെന്നും മറ്റും കാണിച്ച് കൂട്ടഹർജി കിട്ടുകയും ആയത് പരിശോധിച്ചുകൊണ്ടിരിക്കുകയുമാണ്. ഇക്കാര്യത്തിൽ ഒരു തീരുമാനം ആയതിനു ശേഷം മതിൽ പണി തുടരുന്നതാണ്.

(ബി) മതിൽ കെട്ടണ്ടായെന്ന് തീരുമാനിച്ചിട്ടില്ല. മതിൽ കെട്ടുന്നതിനെ സംബന്ധിച്ച് കൂടുതൽ തർക്കങ്ങളും ഉണ്ടാവുകയാണെങ്കിൽ മതിൽ കെട്ടാൻ വേണ്ടി കുഴിച്ച കുഴി നികത്തുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഡെവലപ്പ്മെന്റ് സ്കീമിനുവേണ്ടി അക്വയർ ചെയ്ത സ്ഥലം

928. [1367] ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വികസന അതോറിറ്റി, മെഡിക്കൽ കോളേജ് ഡവലപ്പ്മെന്റ് സ്കീമിനുവേണ്ടി ആകെ എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്തു ;

(ബി) ഈ സ്കീം എന്നാണ് നടപ്പിലാക്കാൻ തീരുമാനിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly